25 (*115) മത്സ്യത്തൊഴിലാളികളുടെ പഞ്ചമാസ സമ്പാദ്യപദ്ധതി

ശ്രീ. കെ. പ്രകാശ്ബാബു :
ശ്രീ. പി. രാജു :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്കുവേണ്ടി പഞ്ചമാസ സമ്പാദ്യ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഈ സമ്പാദ്യ പദ്ധതിയിൽ ഏതെല്ലാം വിഭാഗങ്ങളിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയിൽ വനിതകളേയും ഉൾനാടൻ മത്സ്യത്തൊഴിലാളികളേയും ഉൾപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഈ ആവശ്യം നടപ്പാക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നു വ്യക്തമാക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) പുരുഷന്മാരായ കടൽ മത്സ്യത്തൊഴിലാളികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) ഉണ്ട്.

(ഡി) ഇവരെക്കൂടി പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്

26 (*116) തൊഴിൽ മേഖലയിൽ മിനിമം വേജസ്

ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീമതി ആർ. ലതാദേവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ തൊഴിൽമേഖലകളിൽ മിനിമം വേജസ് പുതുക്കി നിശ്ചയിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ എന്തെല്ലാമാണ്;

(ബി) മിനിമം വേജസ് പുതുക്കി നിശ്ചയിക്കുന്നതിന് കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മിനിമം വേജസ് പുതുക്കിനിശ്ചയിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതിനാൽ മുൻകാല പ്രാബല്യത്തോടെ മിനിമംകൂലി പുതുക്കി നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പുതിയതായി ഏതൊക്കെ മേഖലകളിലാണ് മിനിമം വേജസ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണ പിള്ള)

(എ) മിനിമം വേജസ് പുതുക്കിനിശ്ചയിക്കുന്നത് കമ്മിറ്റി രീതി അല്ലെങ്കിൽ നോട്ടിഫിക്കേഷൻ വഴിയോ ആണ്.

ഏതെങ്കിലും ഒരു തൊഴിൽമേഖലയിൽ ആദ്യമായി മിനിമം വേതനം നിശ്ചയിക്കുന്നതിന് രൂപീകരിക്കുന്ന മിനിമം വേതനകമ്മിറ്റി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചുകഴിഞ്ഞാൽ ടി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൂലി നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുകയാണ് ചെയ്തുവരുന്നത്.

നോട്ടിഫിക്കേഷൻ രീതിയിൽ പുതുക്കിനിശ്ചയിക്കുന്നതിന് ആദ്യമായി ഒരു പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുകയും, ഇതിൻമേൽ ആക്ഷേപങ്ങളും, നിർദ്ദേശങ്ങളും ഉണ്ടെങ്കിൽ അവ മിനിമം വേതന ഉപദേശകസമിതിയുടെ അഭിപ്രായത്തിനായി അയച്ച്, അവരുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുകയാണ് സാധാരണയായി ചെയ്യുന്നത്. വിവിധ കാറ്റഗറിയിൽ ജോലിചെയ്യുന്ന അനേകം തൊഴിലാളികൾ ഒരു തൊഴിൽമേഖലയിൽ ഉണ്ടെങ്കിൽ ചിലപ്പോൾ മിനിമം വേതനം പുതുക്കുന്നതിനുവേണ്ടി കമ്മിറ്റിയെ നിയമിക്കാറുണ്ട്.

(ബി) ഉണ്ട്. കാലതാമസം ഒഴിവാക്കി കഴിവതും കൃത്യസമയത്തു തന്നെ മിനിമം വേജസ് പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) മിനിമം വേജസ് ആക്ടിലെ സെക്ഷൻ 5 പ്രകാരം മിനിമം കൂലി പുതുക്കി നിശ്ചയിക്കുമ്പോൾ മുൻകാല പ്രാബല്യം നൽകാൻ സാദ്ധ്യമല്ല. ബന്ധപ്പെട്ട നോട്ടിഫിക്കേഷൻ ഗസറ്റിൽവരുന്ന തീയതി മുതൽക്കേ അതിനു നിയമപ്രാബല്യം ഉണ്ടാകുകയുള്ളൂ.

(ഡി) മിനിമം വേതന നിയമത്തിന്റെ സെക്ഷൻ 27 ന് അനുബന്ധമായിട്ടുള്ള പാർട്ട് 1 ഷെഡ്യൂളിൽപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ച തൊഴിൽമേഖലകളിൽ, മിനിമം വേതനം നിർണ്ണയിക്കുന്നതിന് കമ്മിറ്റികൾ രൂപീകരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്ന പുതിയ തൊഴിൽമേഖലകൾ താഴെപറയുന്നു.

1. മാർബിൾ ആന്റ് ഗ്രാനൈറ്റ് വ്യവസായം
2. ഫുഡ് പ്രോസസിംഗ് വ്യവസായം
3. ഇലക്ട്രിക് എക്യുപ്മെന്റ്സ്, ഹോം അപ്ലയൻസസ് ഓപ്പറേഷൻ ഓഫ് സോഫ്റ്റ് വെയർ സിസ്റ്റംസ്
4. സോപ്പുനിർമ്മാണം
5. കമ്പ്യൂട്ടർ സോഫ്റ്റ്വെയർ
6. പ്ലാസ്റ്റിക്ക് വ്യവസായം
7. വയർകട്ട് ബ്രിക്സ്
8. സ്ക്രീൻ പ്രിന്റിംഗ്
9. ഹാന്റിക്രാഫ്റ്റ്സ്
10. ഗാർമെന്റ് നിർമ്മാണമേഖല

LIBRARY ARCHIVES Kerala Legislative Assembly

11. ഫിലിം നിർമ്മാണം.
12. ഡയമണ്ട് കട്ടിംഗ് ആന്റ് പോളിഷിംഗ്
13. ഖാദി വ്യവസായം
14. കെയിൻ ആന്റ് ബാംബൂ
15. സെക്യൂരിറ്റി സർവ്വീസ്
16. യന്ത്രവൽകൃത മത്സ്യബന്ധന മേഖല
17. എംപ്ലോയ്മെന്റ് ഇൻ പ്രൈവറ്റ് ഹോസ്പിറ്റൽസ് (നോട്ടിഫിക്കേഷൻ രീതിയിൽ പുതുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു)
18. എൽ.പി. ഗ്യാസ് ഏജൻസീസ്

27 (*117) മൺസൂൺകാല ട്രോളിംഗ് നിരോധനം

ശ്രീ. മോൻസ് ജോസഫ് :

ശ്രീ. ആന്റണി രാജു :

ശ്രീ. പി.സി. ജോർജ് :

ഡോ. കെ.സി. ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മൺസൂൺകാല ട്രോളിംഗ് നിരോധിക്കുവാൻ സ്ഥിരം നിയമം കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ;

(ബി) ആഴക്കടൽ മത്സ്യബന്ധനം തടയുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച് കേന്ദ്രത്തിന്റെ നിലപാട് സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

(ഡി) കഴിഞ്ഞകാലങ്ങളിൽ മൺസൂൺകാല ട്രോളിംഗ് നിരോധനത്തിലൂടെ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദമാക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) ഇപ്പോൾ ആലോചനയിലില്ല.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) 1. കടൽമത്സ്യസമ്പത്തിന്റെ പരിരക്ഷയ്ക്ക് പ്രയോജനപ്പെടുന്നു.

2. മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നു.

3. മത്സ്യബന്ധനയാനങ്ങളുടെ വാർഷിക അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സാധിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly